**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **28-02-2023 - ൽ മറുപടിയ്ക്ക്**

**ചാപ്പകടപ്പുറത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള പുനരധിവാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ രൂക്ഷമായ കടലാക്രമണ ഭീഷണിയുള്ള ചാപ്പകടപ്പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **ചാപ്പ കടപ്പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ കണ്ടെത്തിയ ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | ഇവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി വിട്ടുനൽകാൻ തയ്യാറായ മാലിപ്പുറം കാരിക്കശ്ശേരി ശ്രീ.സാബു സേവ്യറിന്റെ വക 32.10 ആർ വസ്തു ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | **മാലിപ്പുറം കാരിക്കശ്ശേരി ശ്രീ. സാബു സേവ്യറിന്റെ പേരിലുള്ള 32.10 ആർ സ്ഥലം പഞ്ചായത്ത്തല കമ്മറ്റിയും, ജില്ലാതല സ്ക്രൂട്ടണി കമ്മിറ്റിയും പരിശോധന പൂർത്തിയാക്കി ജില്ലാതല പർച്ചേസ് കമ്മിറ്റി വില നിശ്ചയിച്ച് എസ്.എൽ.ഇ.സി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (സി) | സ്ഥലത്തിന്റെ വില 5,00,000 രൂപയിൽ കൂടുതലായതിനാൽ സ്റ്റേറ്റ് ലെവൽ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി എറണാകുളം ജില്ലാ കളക്ടർ 07.06.2022-ന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | **ഇത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ 27.02.2023 ന് നടക്കുന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ മീറ്റിംഗിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ